ഉത്തരം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് ബാർകോഡ് ലഭിക്കുന്നുണ്ട്. ഇതിന്റെ ഒരു പ്രിന്റൗട്ടെടുത്ത് സൂക്ഷിക്കുകയോ സ്വന്തമായി കമ്പ്യൂട്ടർ ഉണ്ടെങ്കിൽ അതിൽ ബാർകോഡ് സേവ് ചെയ്യുകയോ ആവാം. ടി ബാർകോഡ് ഉപയോഗിച്ചാണ് ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യേണ്ടത്. ടി നമ്പർ നഷ്ടപ്പെട്ടാലും പി.എസ്.സി. ഓഫീസുമായി ബന്ധപ്പെട്ട് ടി നമ്പർ അറിയുവാൻ സാധിക്കും. ടി ബാർകോഡ് നമ്പർ അപേക്ഷകന്റെ ഇ-മെയിൽ അഡ്രസ്സിലേക്കോ മോബൈൽ ഫോണിലേക്കോ അറിയിക്കുവാൻ നിലവിൽ സംവിധാനമില്ല.

ഡൽഹി കേരള ഹൗസിലെ അനധികൃത നിയമനം

23(1265) ശ്രീ. എം. മുരളി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹിയിലെ കേരള ഹൗസിൽ അനധികൃത നിയമനം നടത്തിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) ഇല്ലെങ്കിൽ ഇത്തരം തസ്തികകൾ കൃത്രിമമായി സൃഷ്ടിച്ച് അനധികൃത നിയമനം നടത്തിയവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള ഹൗസിൽ അനധികൃത നിയമനങ്ങൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാലാവസ്ഥാ പ്രവചനം കൂടുതലും കാര്യക്ഷമവുമാക്കുന്നതിനായി നടപടികൾ

24(1266) ശ്രീ. എം. ഹംസ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. ജൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥാ പ്രവചനം കൂടുതലും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ;

(സി) കാലാവസ്ഥാ മാറ്റങ്ങൾ പഠിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വർഷം സംസ്ഥാനത്ത് കൂടുതൽ കാലം മഴ ലഭിച്ചതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലാവസ്ഥ പ്രവചനം കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിനുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന് കീഴിലുള്ള കാലാവസ്ഥ മന്ത്രാലയമാണ് ചെയ്തു വരുന്നത്.

(ബി) വിവിധ അന്തരീക്ഷ ശാസ്ത്ര പഠനങ്ങൾക്കു വേണ്ടി സെന്റിലെ അന്തരീക്ഷ ശാസ്ത്രവിഭാഗം രണ്ട് Weather Stations സ്ഥാപിച്ചിട്ടുണ്ട്.

(സി) കാലാവസ്ഥാ മാറ്റങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്:

1. കൊച്ചിയിലെ താപത്തുരുത്തുകളെപ്പറ്റിയുള്ള പഠനം.

2. കാലാവസ്ഥ മാറ്റവുമായി ബന്ധപ്പെട്ട അന്തരീക്ഷ വാതകങ്ങളും സൗര അൾട്രാവയലറ്റ് വികിരണങ്ങളും.

3. സഹ്യാദ്രിയിലെ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതങ്ങളെ പറ്റിയുള്ള പഠനങ്ങൾ.

4. ഭൂവിനിയോഗവും കാലാവസ്ഥാ വ്യതിയാനവുമായുള്ള ബന്ധം.

(ഡി) ഇല്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കാലാവസ്ഥാ മന്ത്രാലയമാണ് ഇത് ചെയ്തു വരുന്നത്.

പുതിയ തസ്തികകൾ

25(1267) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പിൽ എത്ര വീതമെന്ന് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly